# 34. എം. എൽ. എ—ജാതിസമൂഹത്തിൽ ഒരു പുതിയ ജാതികൂടി

'ജന്മനാ ജായതേ ശൂദ്രഃ
കർമണാ ജായതേ ദ്വിജഃ'

എല്ലാ മനുഷ്യരും ശൂദ്രരായി പിറക്കുന്നു. അവരിൽ ചിലർ കർമംകൊണ്ട് ബ്രാഹ്മണരായിത്തീരുന്നു എന്നാണ് മുകളിലുദ്ധരിച്ച പകുതിപ്പദ്യത്തിന്റെ അർത്ഥം. കർമം എന്നതുകൊണ്ട് ഉദ്ദേശിച്ചത് ജാതകർമം മുതലായ പതിനാറു സംസ്കാരങ്ങളായിരിക്കണം.

ഈ പദ്യാർത്ഥം മാറേണ്ട കാലമായി. 'എല്ലാവരും പൗരരായി പിറക്കുന്നു; അവരിൽ ചിലർ കർമംകൊണ്ട് എം.എൽ.എ. മാരായിത്തീരുന്നു' എന്ന അർത്ഥത്തിലുള്ള മാറ്റമാണ് ഇപ്പോൾ ഇതിനു വേണ്ടത്. ഇന്നത്തെ സമൂഹത്തിലെ ബ്രാഹ്മണർ എം.എൽ.എ. മാരാണല്ലോ. ബ്രാഹ്മണർക്ക് ഉണ്ടായിരുന്നതുപോലെ പല പ്രത്യേകാവകാശങ്ങളും എം.എൽ.എ. മാർക്കുണ്ട്. പണ്ട് ബ്രാഹ്മണരെയെന്നപോലെ ഇന്ന് എം.എൽ.എ. മാരെ നിയമം വഴിവിട്ടും അനുകൂലിക്കുന്നു.

ബ്രാഹ്മണർക്കിടയിൽ കേരളത്തിൽ നമ്പൂതിരി, എമ്പ്രാന്തിരി, പട്ടർ മുതലായ പലതരം തിരിവുകളുണ്ടല്ലോ. മറ്റു സംസ്ഥാനങ്ങളിലും, പല അവാന്തരജാതികളായി ബ്രാഹ്മണർ വിഭജിക്കപ്പെട്ടിരിക്കുന്നു. എം.എൽ.എ. മാരുടെ നിലയും വ്യത്യസ്തമല്ല. എം.പി., എം.എൽ.സി., എം.എൽ.എ. എന്ന മൂന്നു വിശാല വിഭാഗങ്ങൾ എം.എൽ.എ. മാർക്കിടയിലുണ്ട്. എം.പി. മാരിൽത്തന്നെ ലോകസഭാംഗങ്ങളെന്നും രാജ്യസഭാംഗങ്ങളെന്നും രണ്ടു വിഭാഗം. ഇവരിൽ ചിലർ തിരഞ്ഞെടുക്കപ്പെട്ടവർ; ചിലർ നോമിനേറ്റ് ചെയ്യപ്പെട്ടവർ. ഇത്തരം വിഭജനം എം.എൽ.സി. മാരിലും എം.എൽ.എ. മാരിലുമുണ്ട്. എം.എൽ.എ. മാരുടെ തൊട്ടു താഴെ ജില്ലാ ബോർഡ്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തു ബോർഡ് മുതലായവയിലെ അംഗങ്ങൾ നിലകൊള്ളുന്നു. പൂണൂലുണ്ടെങ്കിലും വേദാധികാരമില്ലാത്ത ബ്രാഹ്മണരുണ്ടല്ലോ; അവരുടെ സ്ഥാനമാണ്, എം.എൽ.എ. മാരുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇത്തരം പ്രാദേശിക സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുള്ളത്.

പൗരനായി പിറന്ന ആൾ എം.എൽ.എ. ആയിത്തീരാൻ അനുഷ്ഠിക്കേണ്ട കർമം എന്ത്? ബ്രാഹ്മണരുടെ ഷോഡശസംസ്കാരങ്ങൾപോലെ നിയതമായ ഒരു ക്രമം എം.എൽ.എ. യാകുവാനുള്ള കർമത്തിനില്ല. തിരഞ്ഞെടുപ്പിനു നിന്ന് വോട്ടു നേടി ജയിക്കണമെന്നേയുള്ളൂ. അതിനാവശ്യമായതെന്തും ഈ 'കർമ'ത്തിൽ പെടുന്നു.

എം.എൽ.എ. എന്ന ഈ പുതിയ ബ്രാഹ്മണവിഭാഗത്തിന് എന്തെല്ലാം അധികാരങ്ങളാണുള്ളത്. ഒന്നാമതായി, നിയമം നിർമിക്കാനും ഭേദഗതി ചെയ്യാനും വ്യാഖ്യാനിക്കാനും, വേണമെങ്കിൽ നിയമം റദ്ദാക്കാനും ഇവർക്കാണ് അധികാരം. മുമ്പ് ബ്രാഹ്മണർ കൈവശം വെച്ചുകൊണ്ടിരുന്നത് ഇതിനു തുല്യമായ അധികാരമാണല്ലോ. നിയമം നിർമിക്കുന്നത് ഇവരാകയാൽ ഇവർ നിയമത്തിന് അതീതരുമാണ്. തങ്ങളുണ്ടാക്കിയ നിയമം എം.എൽ.എ. മാർക്കു ലംഘിക്കാമെന്ന് നിയമമില്ലെങ്കിലും, വഴക്കം അതാണ്. വഴക്കത്തിനു നിയമത്തേക്കാൾ പ്രാബല്യവു

മുണ്ട്. സ്വന്തം നെഞ്ചൂക്കും, ആശ്രിതരുടെ കൈയൂക്കും അനുസരിച്ച് എം.എൽ.എ. യ്ക്ക് ഇവിടെ എന്തും ചെയ്യാം.

'വധ്യനെ നൂനമവധ്യനാക്കീടുവൻ
വധ്യനാക്കീടുവൻ നൂനമവധ്യനെ'

എന്ന് എം. എൽ. എ. പറഞ്ഞാൽ അതൊരിക്കലും വെറും വീമ്പു പറയൽ ആവില്ല.

ഇത്രയും അധികാരമുള്ളവർക്ക്, നമ്മുടേതുപോലുള്ള ഒരു ദരിദ്രസമൂഹത്തിൽ, എന്തെല്ലാം ആനുകൂല്യങ്ങൾ ഉണ്ടാവില്ല? 1982 ഒക്ടോബർ 10-ലെ 'മാതൃഭൂമിയി'ൽ ആ പത്രത്തിന്റെ തിരുവനന്തപുരം ലേഖകൻ ഈ ആനുകൂല്യങ്ങളിൽ ചിലതു വിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

'ഇരുപത്തേഴായിരത്തഞ്ഞൂറു രൂപയുടെ വിദേശനാണ്യവിനിമയ സൗകര്യം അംഗീകൃതാനുകൂല്യമായി അനുഭവിക്കുന്നവരാണ് എം.പി. മാർ. വീടു വെക്കാനും കാറു വാങ്ങാനുംകൂടി ഒരു ലക്ഷം രൂപയുടെ അഡ്വാൻസ് പററുന്ന എം.എൽ.എ. മാരും (സർക്കാർ ശമ്പളം കൊടുക്കുന്ന) രണ്ടു ശിപായിമാരുടെ അകമ്പടിയോടെ വിഹരിക്കുന്ന എം.എൽ.എ. മാരുമുണ്ട്. സൗജന്യയാത്രാസൗകര്യവും സൗജന്യ ചികിത്സാസൗകര്യവും കുടുംബാംഗങ്ങൾക്കുവരെ നേടിയിട്ടുള്ളവരാണ് പല എം.എൽ.എ. മാരും. സൗജന്യ പാസ്സുകൾ ഉപയോഗിച്ച് യാത്ര ചെയ്താലും യാത്രപ്പടി എഴുതി വാങ്ങാനുള്ള സൗകര്യം ഏറെക്കുറെ എല്ലായിടത്തും എല്ലാ നിയമസഭാംഗങ്ങൾക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

'എം.എൽ.എ. മാർ 250 രൂപ മുതൽ 800 രൂപവരെ ശമ്പളവും വാങ്ങുന്നു. 51 രൂപവരെ അവർക്കു ദിനബത്ത കിട്ടുന്നു. സൗജന്യനിരക്കിൽ പാർപ്പിടം, സൗജന്യടെലഫോൺ, 'ഫെസിലിററി അലവൻസ്,' ബസ്സിലും തീവണ്ടിയിലും വിമാനത്തിലും തനിക്കും വേണ്ടപ്പെട്ടവർക്കും സൗജന്യ യാത്രാസൗകര്യം എന്നിവ വ്യത്യസ്ത നിരക്കിൽ അവർക്കു ലഭിക്കുന്നു. പ്രതിമാസം 600 രൂപവരെ പെൻഷൻ അവർക്കു കിട്ടാം. ചിലേടത്ത് എം.എൽ.എ. മാർക്കു 500 ക. ശമ്പളത്തിൽ ഒരു പേഴ്സണൽ അസിസ്റ്റൻറിനെ സർക്കാർ നൽകുന്നു.'

എം.എൽ.എ. മാരിൽ ഭാഗ്യം കൂടുതലുള്ളവർ മന്ത്രിമാരാവുന്നു. ഭാഗ്യം കുറഞ്ഞവർ കമ്മററികളിൽ അംഗങ്ങളാകുന്നു. കമ്മററി അംഗങ്ങളെന്ന നിലയിൽ, വ്യത്യസ്ത തോതിൽ അവർക്കു യാത്രപ്പടിയും ദിനബത്തയും സിററിങ് അലവൻസും മററും ലഭിക്കുന്നു.

ഇതെല്ലാം നിയമവിഹിതങ്ങളായ ആനുകൂല്യങ്ങളാണ്. നിയമത്തിൽ പറയാത്ത പലതും സമൂഹം എം.എൽ.എ. യിൽനിന്ന് പ്രതീക്ഷിക്കുന്നുണ്ട്. യഥായോഗ്യം എം.എൽ.എ. യുടെ ഈ സേവനങ്ങൾക്കു സമൂഹം പ്രതിഫലം നൽകുന്നുമുണ്ട്. പടിഞ്ഞാറൻ ബംഗാളിൽ മുമ്പ് ഒരു എം. എൽ.എ. യും ഇപ്പോൾ അവിടെ ജനതാപ്പാർട്ടി അദ്ധ്യക്ഷനും, കൽക്കത്ത സർവകലാശാലയിൽ പ്രൊഫസറുമായ ശ്രീ വിഷ്ണുകാന്തശാസ്ത്രി 1982 സെപ്റ്റംബർ 12-ലെ 'ധർമയുഗ'ത്തിൽ എഴുതുന്നു:

'എത്ര അത്ഭുതമാണ് നമ്മുടെ രാജ്യം! എം. എൽ. എ. മാർ എന്തെല്ലാം ചെയ്തുതരണമെന്നാണ് നമ്മുടെ നാട്ടുകാർ ആഗ്രഹിക്കുന്നത്! ജോലി, ക്വോട്ട, പെർമിററ്, വീടു പണിയാൻ സർക്കാർ വക പ്ലോട്ട്, സ്കൂളിലും കോളേജിലും സീററ്, സ്വഭാവ സർട്ടിഫിക്കററ്, തീവണ്ടിയിലും വിമാനത്തിലും റിസർവേഷൻ, റേഷൻകാർഡ്, പാസ്പോർട്ട്, സർക്കാർ ആസ്പത്രികളിൽ ചികിത്സ, പോലീസ് കേസുകളിൽ നിയമാനുസൃതവും നിയമവിരുദ്ധവുമായ ഇടപെടൽ—അങ്ങനെ എന്തെല്ലാമെന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് നാട്ടുകാർ എം.പി. മാരെയും എം.എൽ.എ. മാരേയും

ചുററിപ്പററി നില്ക്കുന്നതു്! മിക്ക എം.എൽ.എ. മാർക്കും എം.പി. മാർക്കും ഇത്തരം ആവശ്യങ്ങഠം നിർവഹിച്ചുകൊടുക്കുന്നതു് രസവുമാണു്. കാര്യം നടന്നാലും നടന്നില്ലെങ്കിലും അവർ ആളുകളെ വിളിച്ചുവരുത്തുകയും തിരിച്ചയയ്ക്കുകയും ചെയ്യും.'

നിയമവിരുദ്ധമായ ആനുകൂല്യങ്ങഠംക്കുവേണ്ടി തന്നെ സമീപിക്കുന്നവരോടു്, അവരുടെ ആവശ്യം അനുവദിക്കത്തക്കതല്ലെന്നു ചൂണ്ടിക്കാട്ടിയാൽ അവർ കോപിക്കാറുണ്ടെന്നു് പ്രൊഫസർ ശാസ്ത്രി പറയുന്നു. 'സാറേ, നിയമപ്രകാരം നേരെചൊവ്വേ നടക്കുന്ന കാര്യമാണെങ്കിൽ താങ്കളുടെ അടുത്തു് ആരു വരും? താങ്കളുടെ അടുത്തു വന്നതു്....(കാര്യം നിയമവിരുദ്ധമായതുകൊണ്ടാണല്ലോ എന്നു് വ്യംഗ്യം)..

'എം.എൽ.എ. യുടെ മുഖ്യ ജോലി നിയമസഭയിൽ ആലോചനയ്ക്കു വരുന്ന വിഷയങ്ങളെപ്പററി യുക്തിയുക്തമായി സംസാരിക്കുകയാണെന്നു് ഞാൻ കരുതിയിരുന്നു' എന്നു് പ്രൊഫസർ ശാസ്ത്രി തുടരുന്നു. 'പക്ഷേ, പൊതുജനാഭിപ്രായത്തിലും, പ്രശസ്തരായ പല എം.എൽ.എ. മാരുടെ വീക്ഷണത്തിലും, നിയമസഭയ്ക്കു് അകത്തു നടക്കുന്ന കാര്യം അത്യന്തം അപ്രധാനമാണു്. എം.എൽ.എ. യുടെ പ്രധാന ജോലി, തെററായ കാര്യം ചെയ്യിക്കലും, ശരിയായ കാര്യത്തിൽ തടസ്സം സൃഷ്ടിക്കലുമാണു്.' താൻ എം.എൽ.എ. ആയിരുന്ന അഞ്ചു വർഷങ്ങളിൽ ഒപ്പിട്ടുകൊടുക്കേണ്ടിവന്ന സ്വഭാവ സർട്ടിഫിക്കററുകഠംവെച്ചു നോക്കിയാൽ, തന്റെ നിയോജകമണ്ഡലത്തിൽ സ്വഭാവം മോശമായ ഒരൊററ ആളും ശേഷിച്ചിട്ടില്ലെന്നു കൂടി പ്രൊഫസർ ശാസ്ത്രി പറയുന്നുണ്ടു്. ശാസ്ത്രി തുടരുന്നു:

'ഒരു എം.എൽ.എ. ക്കു് എത്രയേറെ തെററായ കാര്യങ്ങഠം ചെയ്യിക്കാൻ കഴിവുണ്ടോ അത്രയേറെ അയാളുടെ പ്രശസ്തി പരക്കുന്നു. അയാളെപ്പററി ആളുകഠംക്കു ബഹുമാനം വർദ്ധിക്കുന്നതാകട്ടെ, അയാളെ പൂജിക്കാതെ ശരിയായ കാര്യങ്ങഠംപോലും നടത്താനൊക്കുകയില്ല എന്ന നില വരുമ്പോഠം ആണു്. ശരിയായ പ്രവൃത്തി നടത്തിക്കുന്ന എം.എൽ.എ. നല്ലവനാവാം; പക്ഷേ, ആരെക്കൊണ്ടു് നിയമവിരുദ്ധമായി തന്റെ സ്വാർത്ഥപൂർത്തി നേടാനൊക്കുമോ, കോപിച്ചാൽ ആർ തന്റെ താല്പര്യങ്ങഠം തകരാറിലാക്കുമോ, അയാളെ മാത്രമേ സ്വാർത്ഥതാല്പര്യക്കാരായ ജനങ്ങഠം ഉപചരിക്കുകയുള്ളു. ദ്രോഹിക്കുന്ന സർപ്പത്തെയല്ലേ ജനങ്ങഠം പൂജിക്കാറുള്ളു? അനിഷ്ടം ഉളവാക്കാത്ത ഗരുഡനെ ആർ പൂജിക്കുന്നു?'

ഇന്ത്യയിലെ ജനസംഖ്യയിൽ ബ്രാഹ്മണർ എല്ലാക്കാലത്തും ഒരു ന്യൂനപക്ഷമായിരുന്നു. എങ്കിലും, രാജാക്കന്മാരിൽ സ്വാധീനം ചെലുത്തി ഈ വിശാല ഭൂഖണ്ഡത്തെയാകെ സ്വന്തം ഇഷ്ടപ്രകാരം ഭരിക്കാൻ ഈ ന്യൂനപക്ഷത്തിനു സാധിച്ചിരുന്നു.

എം.എൽ.എ. മാരും ഒരു ന്യൂനപക്ഷമാണു്; എങ്കിലും അത്ര നിസ്സാരമല്ല ഇവരുടെ സംഖ്യാബലം. ആണ്ടുതോറും ഈ സംഖ്യ വർദ്ധിച്ചുവരുകയുമാണു്. ആന്ധ്രാപ്രദേശിൽ ആകെ എഴുനൂററമ്പതു മുൻ എം. എൽ. എ—എം. എൽ. സി. മാർ ഉണ്ടത്രേ. മററു സ്റ്റേററുകളിലും ഏറെക്കുറെ ഇതേ അനുപാതത്തിൽ എം.എൽ.എ. മാർ ഉണ്ടാവാം.

ബ്രാഹ്മണരിൽ യാഗം ചെയ്യുവരാണല്ലോ അക്കിത്തിരി, അടിതിരി, ചോമാതിരി മുതലായവർ. മററു ബ്രാഹ്മണർക്കില്ലാത്ത പല ആനുകൂല്യങ്ങളും ഇത്തരക്കാർക്കുണ്ടായിരുന്നു.

എം. എൽ. എ– മാരിലെ അക്കിത്തിരികളും അടിതിരികളും ചോമാതിരികളുമാണു് മുൻമന്ത്രിമാർ. ആന്ധ്രപ്രദേശിൽ ഇപ്പോഠം നൂററിപ്പതിനാലു മുൻമന്ത്രിമാർ ഉണ്ടത്രേ. മററു സ്റ്റേററുകളിലെ മുൻമന്ത്രിമാരുടെ എണ്ണം അറിവില്ല. ഏതായാലും ഇതേ അനുപാതത്തിൽ എല്ലാ സ്റ്റേററുകളിലും മുൻമന്ത്രിമാർ ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ടു്.

മനുഷ്യരക്തം ഒരിക്കൽ സ്വാദു നോക്കിയ കടുവ, പിന്നീട് തരം കിട്ടിയാൽ മനുഷ്യരെ കൊന്നു ചോര കുടിക്കുമത്രേ. അധികാരത്തിന്റെ രുചി ഒരിക്കൽ അറിഞ്ഞ മുൻമന്ത്രിക്ക്, ശേഷിച്ച ജീവകാലമത്രയും അസഹ്യമായ ഒരു എരിപൊരികൊള്ളലാണ്. അധികാരം ഒരിക്കൽക്കൂടി എങ്ങനെ കൈയടക്കാം? ഇപ്പോൾ അധികാരത്തിലുള്ളവരെ എങ്ങനെ പുകച്ചു പുറത്തു ചാടിക്കാം? മിക്ക മുൻമന്ത്രിമാരുടെയും ആയുശ്ശിഷ്ടം ചെലവഴിക്കപ്പെടുന്നതു് ഇത്തരം ചിന്തയിലാണ്. ഇതിനുവേണ്ടി അവർ ഗൂഢസംഘങ്ങൾ ഉണ്ടാക്കുന്നു. പ്രയോജനകരമായ മറ്റൊരു പ്രവർത്തനത്തിലും ഏർപ്പെടാൻ അവർക്കു കഴിയുന്നില്ല.

അല്ലും ചില ബഹുമാന്യങ്ങളായ വ്യത്യസ്തതകൾ ഉണ്ടാവാം. മന്ത്രിസ്ഥാനത്തു് കുറച്ചനാൾ ഇരുന്നശേഷവും സ്വന്തം മനസ്സാക്ഷിയും ധർമബോധവും സാമാന്യബുദ്ധിയും നഷ്ടപ്പെടാത്ത ഏതാനും ചില നല്ല മനുഷ്യർ ഉണ്ടായിക്കൂടെന്നില്ല. അത്തരക്കാർ നമ്മുടെ നാട്ടിലും ചിലർ ഉണ്ട്. അവർക്ക് എല്ലാ സ്തുതിയും! അതേസമയം, രഹസ്യാലോചനകളിലൂടെ സ്വന്തം പാർട്ടിയെ പിളർത്താനും അട്ടിമറിക്കാനുമാണ് മുൻമന്ത്രിമാരിൽ അധികംപേരും ഉറക്കമിളച്ചു പ്രവർത്തിക്കുന്നതു് എന്നതത്രേ പൊതുവായ വസ്തുത. 1982 ഒക്ടോബർ 10-ലെ 'ഹിന്ദു'വിൽ ഒരു ലേഖകൻ എഴുതുന്നു:

'അത്യന്തം മാത്സര്യമുള്ള ഒരു രംഗമാണ് രാഷ്ട്രതന്ത്രം. (അധികാരം നഷ്ടപ്പെട്ട) മിക്ക രാഷ്ട്രീയ പ്രവർത്തകരുടേയും അടിസ്ഥാനലക്ഷ്യം, ഒരിക്കൽക്കൂടി അധികാരത്തിൽ വരുകയെന്നതാണ്. ഇതിനുള്ള സാദ്ധ്യതകൾ, തങ്ങൾ എടുത്തേക്കാവുന്ന ഓരോ നടപടിയുടേയും ഗുണവും ദോഷവും, അവർ രഹസ്യമായി കൂടിയാലോചിക്കുന്നു. സ്വാർത്ഥ താല്പര്യങ്ങളെ മുൻനിറുത്തി അവർ തീരുമാനങ്ങളെടുക്കുന്നു. അവർക്ക് രാഷ്ട്രീയ പ്രവർത്തനത്തിൽനിന്നു റിട്ടയർ ചെയ്യാൻ വയ്യ. വേറൊരു തൊഴിലും അവർക്ക് ഏറ്റെടുക്കാനില്ല എന്നതാണു വസ്തുത. തങ്ങൾ പിന്താങ്ങുന്ന നേതാവു് മുഖ്യമന്ത്രിയായാൽ അവർക്കു സന്തോഷമായി. ഭാഗ്യം തങ്ങളെ അനുഗ്രഹിക്കില്ലെന്നുറപ്പായാൽ അവർ പാർട്ടി മാറുന്നു. ഒരു രാഷ്ട്രീയ നിയമനം നേടുന്നതിനായി അവർ കൂറു മറ്റൊരാളിലേക്കു മാറുന്നു.'

സമകാല ഭാരത രാഷ്ട്രീയത്തിലെ ഗതികിട്ടാ പ്രേതങ്ങളാണ് പല 'മുൻ'മന്ത്രിമാരും 'മുൻ' എം. എൽ. എ. മാരും.

14 നവംബർ 1982

# 35. രണ്ട് മാതൃകാ എം. എൽ. എ. മാർ

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ആണ് ജനാധിപത്യം. ഈ വ്യവസ്ഥയിൽ ജനപ്രതിനിധികളെ ജനങ്ങൾ തെരഞ്ഞെടുക്കുന്നു, ജനപ്രതിനിധികൾ മന്ത്രിമാരെ തെരഞ്ഞെടുക്കുന്നു, മന്ത്രിമാർ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നു. ജനാധിപത്യത്തേക്കാൾ നല്ല ഒരു ഭരണസമ്പ്രദായം ഉണ്ടാവാനില്ല എന്നാണ് രാഷ്ട്രതന്ത്രജ്ഞരുടെ അഭിപ്രായം.

ഇന്ത്യയിൽ നിലവിലുള്ളതു് ജനാധിപത്യമാണ്. എന്നിട്ടും എന്തുകൊണ്ട് ഇന്ത്യ അഭിവൃദ്ധിപ്പെടുന്നില്ല? എന്തുകൊണ്ട് ഇവിടെ എല്ലാ രംഗങ്ങളിലും നാൾക്കുനാൾ അധോഗതി?

ഉത്തരം പറയാൻ പ്രയാസം. പക്ഷേ, ജനങ്ങൾ വോട്ടു നല്കി വിജയിപ്പിച്ച രണ്ട് എം. എൽ. എ. മാരുടെ വിവരം താഴെ ചേർക്കാം.